പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8103 24-07-2012-ൽ മറുപടി പറയേണ്ടിയിരുന്നത്

## 2012 ലണ്ടൻ ഒളിമ്പിക്സിന് കേരളത്തിൽ നിന്നുള്ള സംഘം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) 2012 ലണ്ടൻ ഒളിമ്പിക്സിൽ കേരളത്തിൽ നിന്ന എത്ര കായിക താരങ്ങളാണ് പങ്കെടുക്കുന്നതെന്നും അവരിൽ ഓരോരുത്തരും ഏതിനങ്ങളിലാണ് മത്സരിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (എ) 1. ശ്രീജേഷ് - ഹോക്കി<br>2. ഡിജു - ബാഡ്മിന്റൺ (ഷട്ടിൽ)<br>3. മയൂഖ ജോണി - അത്‌ലറ്റിക്സ്<br>4. ടിന്റു ലൂക്ക - അത്‌ലറ്റിക്സ്<br>5. ഇർഫാൻ കെ.ടി - അത്‌ലറ്റിക്സ്<br>6. രഞ്ജിത്ത് മഹേശ്വരി - അത്‌ലറ്റിക്സ് |
| (ബി) കേരളത്തിൽ സ്പോർട്സ് വകുപ്പ് മുഖേനയും കേരളാ സ്പോർട്സ് കൗൺസിൽ മുഖേനയും ഇവർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയെന്നും ഇതിനെല്ലാം കൂടി ആകെ എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ : | (ബി) ഒളിമ്പിക്സിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കായിക താരങ്ങൾക്കുള്ള ചെലവുകൾ ഇന്ത്യാ ഗവൺമെന്റാണ് വഹിക്കുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കിറ്റിംഗ് അലവൻസ്. (6000/- രൂപ) മാത്രമേ അനുവദിയ്ക്കുവാൻ നിർവാഹമുള്ളൂ. എന്നാൽ ശ്രീ.ഇർഫാൻ.കെ.ടി-യ്ക്ക് ലണ്ടൻ ഒളിമ്പിക്സ് 2012-ന്റെ തുടർപരിശീലനത്തിനും, തയ്യാറെടുപ്പിനുമായി ടിയാന്റെ അപേക്ഷ പരിഗണിച്ച് ഒരു ലക്ഷം രൂപ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (സി) നിരീക്ഷകരായും മാർഗ്ഗദർശികളായും സ്പോർട്സ് വകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥരും അടക്കം എത്ര പേർ ലണ്ടൻ ഒളിമ്പിക്സിനു പോകുന്നുണ്ടെന്നു വ്യക്തമാക്കുമോ ; | (സി) ഒളിമ്പിക്സ് നിരീക്ഷകരായി ലണ്ടനിൽ പോകുന്നതിന് വകുപ്പുമന്ത്രി, സ്പോർട്സ് സെക്രട്ടറി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എന്നിവർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും യാത്രയ്ക്കും താമസത്തിനും മറ്റുമായി എത്ര തുക ചെലവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ ? | (ഡി). സ്പോർട്സ് വകുപ്പുമന്ത്രി, സ്പോർട്സ് വകുപ്പു സെക്രട്ടറി എന്നിവരുടെ യാത്രയ്ക്കും താമസത്തിനുമായി യഥാക്രമം 2,87,369.80/-രൂപയും 3,07,773/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ യാത്രയ്ക്കും താമസത്തിനുമായി 3,38,338.60/- രൂപ സ്പോർട്സ് കൗൺസിൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ